"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു. കേരള ഹൈക്കോടതി മുമ്പാകെ M/s K T Mathew & Co ഫയൽ ചെയ്ത 30571/2023 റിട്ട് ഹർജിയിന്മേൽ പുറപ്പെടുവിച്ച 12.03.2024 ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.291/2025/PWD തിരുവനന്തപുരം,തീയതി,25-02-2025

---

1 14.01.2015 തീയതിയിലെ സഉ(സാധാ)നം.68/2015/പൊമവ.

2 05.07.2017 തീയതിയിലെ സഉ(അച്ചടി)നം.87/2017/ഫിൻ

3 14.12.2017 തീയതിയിലെ സർക്കുലർ നം.90/2017/ഫിൻ

4 സഉ(അച്ചടി)നം.2/2018/പൊമവ തീയതി 27.01.2018

5 01.03.2019 തീയതിയിലെ സർക്കുലർ നം.18/2019/ഫിൻ

6 15.09.2022 തീയതിയിലെ സർക്കുലർ നം.79/2022/ഫിൻ

7 പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയറുടെ 14.09.2023 - ലെ CEPWD/273/2023-FR9-PWD നമ്പർ കത്ത്

8 30571/2023 റിട്ട് ഹർജിയിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12.03.2024 തീയതിയിലെ വിധിന്യായം.

9 പാലങ്ങൾ വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ (എറണാകുളം) 07.05.2024 ലെ എ3-1628/11 Vol II നമ്പർ കത്ത്

10 07.05.2024,02.08.2024 തീയതികളിലെ D1/60/2024/പൊമവ നമ്പർ കത്തുകൾ.

11. 28.11.2024 തീയതിയിലെ D1/60/2024/പൊമവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതിക്കാരൻ ഒടുക്കിയ GST തുക ബില്ലുകൾക്കൊപ്പം പാസാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് M/s. K T Mathew & Co ഫയൽ ചെയ്ത 30571/2023 നം. റിട്ട് ഹർജിയിന്മേൽ പരാമർശം (8) പ്രകാരം ബഹു. കേരള ഹൈക്കോടതി താഴെ പറയും പ്രകാരം ഉത്തരവായിരുന്നു .

" without entering into the merits of the contents of the rival parties, I allow this

**writ petition and direct the fourth respondent to take up Ext.P15 application of the petitioner and dispose it of, after affording an opportunity of being heard to him, thus culminating in an appropriate order and necessary action thereon, as expeditiously as is possible, but not later than two months from the date of receipt of a copy of this judgment"**

2. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം, 09.05.2024 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി. പരാതിക്കാരെ പ്രതിനിധീകരിച്ച് ശ്രീ. പോൾ ടി മാത്യു ഹിയറിംഗിൽ പങ്കെടുത്തു.

3. കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട **"NABARD RIDFXX Construction of Convent beach bridge connecting Convent junction and beach road at Pallipuam in Ernakulam District"** എന്ന പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയർ റോഡ്സ് ആന്റ് ബ്രിഡ്ജസ്, സെൻട്രൽ സർക്കിൾ ആലുവ ടെണ്ടർ ക്ഷണിച്ചു. 29.11.2016 തീയതിയിലെ 124/SECCA/2016 നമ്പർ കരാർ പ്രകാരം കെ.റ്റി.മാത്യൂ&കമ്പനി കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തി ഏറ്റെടുത്ത് ആരംഭിച്ചു. 01.07.2017 ൽ ചരക്കു സേവന നികുതി ബാധകമാക്കിയതിത് ശേഷം മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് GST ഉൾപ്പെടുത്തിയുള്ള 14 ബില്ലുകൾക്ക് ജി.എസ്.റ്റി പ്രൊവിഷൻസ് പ്രകാരം കരാറുകാരൻ ജി.എസ്.റ്റി ഒടുക്കിയിരുന്നു. GST ഉൾപ്പെടുത്തിയുള്ള 14 ബില്ലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചു എങ്കിലും GST ഇനത്തിൽ ഒടുക്കിയ തുക റീ ഇമ്പേഴ്സ് നൽകിയിട്ടില്ല എന്നും ഇത് ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് പുറത്തിറക്കിയ പരാമർശം (2),(3),(5),(6) എന്നിവയിലെ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്നും പരാതിക്കാരൻ അറിയിച്ചു. കരാർ ഒപ്പിടുന്ന സമയത്ത് 4% VAT ( Value Added Tax) ആണ് നിലവിലുണ്ടായിരുന്നത് ജി എസ് റ്റി നിലവിൽ വന്നതിനുശേഷം ആദ്യം 12 ശതമാനവും, അതിനുശേഷം 18 ശതമാനവും ആയി വർദ്ധിപ്പിച്ചുവെന്നും, മുഴുവൻ പ്രവ്യത്തിയുടെ ജി. എസ്.റ്റിയും കരാറുകാരൻ ഒടുക്കേണ്ടതായി വന്നിട്ടുണ്ടെന്നും പ്രസ്തുത വർദ്ധന മുൻകൂട്ടി അറിയാൻ കഴിയാത്ത ഒന്നാണെന്നും അതിനാൽ പ്രസ്തുത ജി.എസ് റ്റി തുക പൊതുമരാമത്ത് വകുപ്പ്

നൽകണമെന്നും കൂടാതെ ഈ വിഷയത്തിൽ താഴെ പറയുന്ന നടപടികൾ കൈക്കൊള്ളണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടിരുന്നു..

- കരാർ ഒപ്പിടുന്ന സമയത്ത് **4% VAT ( Value Added Tax)** ആണ് നിലവിലുണ്ടായിരുന്നത് അത് ആദ്യം **12% GST** യിലേക്കും പിന്നീട് **18% GST** യിലേക്കും പുനർനിർണയം ചെയ്യപ്പെട്ടു. നികുതി വർദ്ധന മൂലം അടയ്ക്കേണ്ടി വരുന്ന അധിക തുക റീ ഇമ്പേഴ്സ് ചെയ്യാൻ നടപടി ഉണ്ടാകണം.
- തുക ലഭ്യമാകാൻ താമസമുണ്ടായാൽ അതിന് പലിശ നൽകാൻ നടപടി സ്വീകരിക്കണം.
- നികുതി വർദ്ധന ഉൾക്കൊള്ളിച്ച് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കാൻ നടപടി സ്വീകരിക്കണം.

**4.** പ്രസ്തുത വിഷയത്തിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യലയത്തിലെ ഉദ്യോഗസ്ഥർ പരാമർശം **(9)** പ്രകാരം ചുവടെ പറയും പ്രകാരം വിശദീകരണം നൽകിയിരുന്നു.

എറണാകുളം ജില്ലയിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയ്ക്ക് പരാമർശം **(1)** പ്രകാരം **16.9** കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു.പിന്നീട് ഡിസൈനിലുണ്ടായ വ്യത്യാസം കാരണം **24.46** കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പാലത്തിന്റെ കായൽ ഭാഗത്തുള്ള നീളം **262** മീറ്ററും,നദിയുടെ ഭാഗത്തുള്ള നീളം **62** മീറ്ററുമാണ് അതിനാൽ പഴയ ഡിസൈൻ പ്രകാരം പാലത്തിന്റെ നീളം **66.96** മീറ്ററാണ്.ജനറൽ ഡിസൈൻ ഡ്രായിംഗ് പ്രകാരം **200** മീറ്റർ നീളത്തിൽ മണ്ണിട്ട് നികത്തി അപ്പ്രോച്ച് നിർമ്മിക്കാനാണ് തീരുമാനിച്ചിരുന്നത്.പിന്നീട് വിദഗ്ധരുടെ അഭിപ്രായമനുസരിച്ച് മണ്ണിന് ഉറപ്പില്ലെന്നും അത് കാലക്രമേണ അപ്രോച്ച് റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുമെന്നും കണ്ടെത്തി .തുടർന്ന് ചീഫ് എഞ്ചിനീയറും മറ്റ് ഉദ്യോഗസ്ഥരും പ്രവൃത്തിയുടെ സൈറ്റ് പരിശോധിക്കുകയുണ്ടായി . ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയും സ്ഥലം എം.എൽ.എയും സന്നിഹിതരായ **29.05.2017** തീയതിയിലെ യോഗത്തിൽ പാലം റീഡിസൈൻ ചെയ്യുവാനും,ഭരണാനുമതി തുകയ്ക്ക് അധികമായ തുക നബാർഡ് നൽകിയില്ലെങ്കിൽ അതേ തുക സംസ്ഥാന ഫണ്ടിൽ നിന്ന്

അനുവദിക്കുവാനും തീരുമാനിച്ചു. അതിൻപ്രകാരം എസ്റ്റിമേറ്റ് പുതുക്കിയ സമയത്ത് **DSOR 2016** പ്രാബല്യത്തിൽ വന്നിരുന്നുവെങ്കിലും **DSOR 2014**-നും, പുതുക്കിയ ഡിസൈനും അനുസൃതമായി കരാർ തുകയിൽ നിന്നും **7.99** ശതമാനം കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ചെയ്യാൻ കരാറുകാരൻ സമ്മതിച്ചു. **29.01.2016** തീയതിയിൽ കരാർ നൽകിയ പ്രവൃത്തി പാലത്തിന്റെ ഡിസൈനിലുണ്ടായ മാറ്റം മൂലവും **DSOR** നിരക്കുകൾ പുതുക്കി നിശ്ചയിച്ചത് മൂലവും കൃത്യസമയത്ത് ആരംഭിക്കാൻ സാധിച്ചിരുന്നില്ല. **11.02.2019** ൽ സൈറ്റ് കോൺട്രാക്ടർക്ക് നൽകി **2019** മെയ് മാസത്തിൽ പ്രവൃത്തി ആരംഭിച്ചു. നിലവിൽ **78%** പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്.പാലത്തിന്റെ ഫൗണ്ടേഷൻ സബ് സ്ട്രക്ച്ചറിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. **8** സ്പാനുകളിലെ **3** സ്ലാബുകളുടെയും, **24** ബീമുകളിൽ **20** എണ്ണത്തിന്റെയും പണി പൂർത്തിയായിട്ടുണ്ട്. കൊവിഡിന്റെ ഒന്നും രണ്ടും തരംഗങ്ങൾ പ്രവൃത്തിയെ പ്രതികൂലമായി ബാധിച്ചതിനാൽ പലപ്പോഴും മെറ്റീരിയലിന്റെയും ,പണിക്കാരുടെയും അഭാവത്തിൽ വർക്ക് സൈറ്റ് ഭാഗികമായോ പൂർണ്ണമായോ അടച്ചുപൂട്ടാൻ കരാറുകാരൻ നിർബന്ധിതനായി. ജോലി പൂർത്തിയാക്കുന്നതിലെ മറ്റൊരു തടസ്സം ആയിരുന്നു വർക്ക് സൈറ്റിൽ അടിക്കടി ഉണ്ടാകുന്ന ഉയർന്ന വേലിയേറ്റം. പാലത്തിന്റെ ഇരുവശത്തുമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി **69.91** സെന്റ് ഭൂമി ആവശ്യമായിരുന്നതിനാൽ ഭൂമി ഏറ്റെടുക്കലിനായി ഭരണാനുമതിയും നൽകിയിരുന്നു.റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച **24.06.2021** തീയതിയിലെ അനുമതി പ്രകാരം ടി പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിതനായ വൈറ്റില തഹസിൽദാർക്ക് കണ്ടിജൻസി തുകയായ **13.98** ലക്ഷം രൂപ കൈമാറിയിരുന്നു. **6(1),4(1)** എന്നീ വിജ്ഞാപനങ്ങൾ പുറപ്പെടുവിയ്ക്കുകയും **SIA** സ്റ്റഡി നടത്തുകയും ചെയ്തിരുന്നു.ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായ കാലതാമസം പ്രവൃത്തി വൈകുന്നതിന് കാരണമായി .ട്രാഞ്ചെ പീരീഡ് അവസാനിക്കുന്നതുവരെയുള്ള കാലയളവിൽ **12,90,16,461/-** രൂപ **(till 11th and part bill)**നബാർഡ് നൽകുകയുണ്ടായി.ട്രാഞ്ചെ പീരീഡ് അവസാനിച്ചതിനുശേഷം **3** ബില്ലുകൾക്ക് സംസ്ഥാന ഫണ്ടിൽ നിന്നും തുക നൽകിയിരുന്നു. ബില്ലുകൾ പ്രകാരമുള്ള ജി.എസ്.റ്റി തുക കൂടി അനുവദിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. ശേഷിക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിന് മറ്റ്

തടസ്സങ്ങളൊന്നും ഇല്ലാതിരുന്നിട്ടും പണി പൂർത്തിയാക്കുവാൻ കരാറുകാരൻ ഒരു താല്പര്യവും കാണിച്ചില്ല.

5) GST നിലവിൽ വരുന്നതിന് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കി കരാർ ഒപ്പുവച്ചതിനാൽ (29.01.2016 തീയതിയിൽ) പ്രസ്തുത എസ്റ്റിമേറ്റിൽ GST ഉൾക്കൊള്ളിക്കാനാകില്ല എന്നും, അതിനാൽ തന്നെ പരാതിക്കാരൻ സർക്കാരിൽ ഒടുക്കിയ GST റീ ഇമ്പേഴ്സ് ചെയ്യാൻ പരാമർശം (4) ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സാധിക്കില്ല എന്നും പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ വരുന്നതല്ലായെന്നും പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (7) പ്രകാരം അറിയിച്ചിട്ടുണ്ട്.

6) ഹർജിക്കാരുടെ ആവശ്യം സംബന്ധിച്ച് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെയും നികുതി വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (10) പ്രകാരം സ്പഷ്ടീകരണം നൽകുകയുമുണ്ടായി. പരാമർശം (10) പ്രകാരം നൽകിയ ജി.എസ്.ടി -യുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം, ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച പരാമർശം (4) ഉത്തരവിന് വിരുദ്ധമാണെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് ആ രണ്ട് കത്തുകളും റദ്ദാക്കിക്കൊണ്ട് പരാമർശം (11) പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു. പരാമർശം (10) പ്രകാരം നൽകിയ സ്പഷ്ടീകരണം പരാമർശം (11) പ്രകാരം റദ്ദാക്കിയതിനാൽ 27.01.2018 തീയതിയിലെ സഉ(അച്ചടി)നമ്പർ.2/2018/പൊമവ ഉത്തരവാണ് നിലനില്ക്കുന്നത് എന്നതിനാലും അതുപ്രകാരം പാലങ്ങളുടെ Net GST compensation- nil ആയതിനാലും പരാതിക്കാരന് ജി.എസ്.ടി. കോമ്പൻസേഷന് അർഹതയില്ലാത്തതാണ്. ഈ സാഹചര്യത്തിൽ പരാതിക്കാരന്റെ ആവശ്യം നിരസിച്ചുകൊണ്ടും M/S K T Mathew & Co ഫയൽ ചെയ്ത 30571/2023 റിട്ട് ഹർജിയിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (8) ലെ വിധിന്യായം നടപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

കെ.ടി മാത്യു &കമ്പനി, കൊച്ചുമുറ്റം കൺസ്ട്രക്ഷൻസ്,
ആവോലി പി.ഓ. മൂവാറ്റുപുഴ , എറണാകുളം- 686 670
അഡ്വക്കറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം),കേരളം , എറണാകുളം.
ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ (നോർത്ത് സർക്കിൾ) പാലങ്ങൾ വിഭാഗം, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / **D1/625/2023-PWD**

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 25-02-2025 16:19:31
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്.